വിൻഡോ പരസ്യം
കേരള ജലവിഭവ വകുപ്പ്
(ഹൈഡ്രോളജി വിഭാഗം)

## ദർഘാസ് പരസ്യം

വിൻഡോ നമ്പർ ടിഡി - 3/2017-18 തീയ്യതി: 23-02-2018
ഡെപ്യൂട്ടി ഡയറക്ടർ, ജലവിഭവ വകുപ്പ്,
ഹൈഡ്രോളജി വിഭാഗം,തലശ്ശേരി.
പി.ഒ.കൂത്തുപറമ്പ്,ഫോൺ - 0490 2360033

ഹൈഡ്രോളജി സബ്ബ് ഡിവിഷൻ തലശ്ശേരിയുടെ കീഴിലുള്ള കാക്കടവ് എഫ്.സി.എസ് സ്റ്റേഷൻ, വിവിധ മെറ്റിരിറോളഗജിക്കൽ സ്റ്റേഷനുകൾ, , പള്ളങ്ങോട് റിവർഗേജ് സ്റ്റേഷൻ, മെരുവമ്പായി റിവർഗേജ് സ്റ്റേഷൻ, എന്നിവയുടെ അറ്റകുറ്റ പണികൾ.

| | |
|---|---|
| ആകെ അടങ്കൽ തുക | - **2,57,700**/-രൂപ |
| ദർഘാസ് പ്രമാണത്തിലെ വില | - 300/-രൂപ+ജിഎസ്ടി മുതൽ 500/-രൂപ+ ജിഎസ്ടി വരെ |
| നിരതദ്രവ്യം | - 350/- രൂപ മുതൽ 3**850**/- രൂപ വരെ |
| ഫോറം വിൽക്കുന്ന അവസാന തിയ്യതി | - 02/03/2018 ഉച്ചയ്ക്ക് 1.00 മണി വരെ |
| ഫോറം സ്വീകരിക്കുന്ന തിയ്യതി | - 09/03/2018 ഉച്ചയ്ക്ക് 3.00 മണി വരെ |

Jayaraj
ഡപ്യൂട്ടി ഡയറക്ടർ

# ദർഘാസ് പരസ്യം

നമ്പർ...ടി.ഡി.നം.3/2017-2018 23-02-2018

കേരള ഗവർണർക്കു വേണ്ടി ഹൈഡ്രോളജി സബ് ഡിവിഷൻ, ഡെപ്യൂട്ടി ഡയറക്ടർ, തലശ്ശേരി, കൂത്തുപറമ്പ് (പി.ഒ.)താഴെ പറയുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച ദർഘാസുകൾ നിർദ്ദിഷ്ട തീയ്യതിക്കകം തപാൽ മുഖേന ലഭിക്കേണ്ടതാണ്.

| ക്രമ നം. | ദർഘാസ് നം. | ടെണ്ടർ നമ്പരും ജോലിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം തുക | ദർഘാസ് ഫോറത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലവധി | കരാറുകാരന്റെ വിഭാഗം |
|---|---|---|---|---|---|---|
| 1 | ടിഡി 3/2017-18 | എ1.9.01.02 എൻ.എച്ച്.പി.17-18 പയ്യന്നൂർ ഹൈഡ്രോളജി സെക്ഷൻ ഓഫീസിനു കീഴിൽ ചീമേനിയിലുള്ള കാക്കടവ് എഫ്.സി.എസ് സ്റ്റേഷന്റെ പെയിന്റിംഗ് പ്രവൃത്തി. അടങ്കൽ തുക **-1 2,700/-** | **350/-** | 300+ജിഎസ്ടി 18% | 3 മാസം | ഡി ക്ലാസ്സും അതിനു മുകളിലും |
| 2 | ടിഡി 3/2017-18 | എ1.9.01 എൻ.എച്ച്.പി.17-18 തലശ്ശേരി ഹൈഡ്രോളജി സെക്ഷൻ ഓഫീസിനു കീഴിലുള്ള വിവിധ മെറ്റിരിയോറോളജിക്കൽ സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണി. അടങ്കൽ തുക - **38,000/-** | **950/-** | 300+ജിഎസ്ടി 18% | 1 വർഷം | ഡി ക്ലാസ്സും അതിനു മുകളിലും |
| 3 | ടിഡി 3/2017-18 | എ1.9.02.02 എൻ.എച്ച്.പി.17-18 കാസർഗോഡ്ഹൈഡ്രോളജി സെക്ഷൻ ഓഫീസിനു കീഴിലുള്ള പള്ളങ്ങോട് റിവർ ഗേജ് സ്റ്റേഷന്റെ അറ്റകുറ്റപ്പണി. അടങ്കൽ തുക - **54,000** | **1350/** | 300+ജിഎസ്ടി 18% | 4 മാസം | ഡി ക്ലാസ്സും അതിനു മുകളിലും |
| 4 | ടിഡി 3/2017-18 | എ1.9.02.02 എൻ.എച്ച്.പി.17-18 തലശ്ശേരി ഹൈഡ്രോളജി സെക്ഷൻ ഓഫീസിനു കീഴിലുള്ള മെരുവമ്പായി റിവർ ഗേജ് സ്റ്റേഷന്റെ അടിയന്തിര അറ്റകുറ്റപ്പണി. അടങ്കൽ തുക – **1,53,000** | **3850/-** | 500+ജിഎസ്ടി 18% | 6 മാസം | ഡി ക്ലാസ്സും അതിനു മുകളിലും |

ദർഘാസ് ഫോറം വിൽക്കുന്ന തീയ്യതിയും സമയവും: 02.03.2018 ഉച്ചയ്ക്ക് 1 മണി വരെ.

ദർഘാസ് പ്രമാണങ്ങൾ ലഭിക്കേണ്ട അവസാന തീയ്യതിയും സമയവും: 09.03.2018 3 മണി.

ദർഘാസ് തുറക്കുന്ന തീയ്യതിയും സമയവും : 09.03.2018 3.30 മണി.

ദർഘാസ് ഫോറങ്ങളും മറ്റ് വിവരങ്ങളും ഹൈഡ്രോളജി സബ്ബ് ഡിവിഷൻ, തലശ്ശേരി അറ്റ് കൂത്തുപറമ്പ് കാര്യാലയത്തിൽ നിന്നും ദർഘാസ് ഫോറത്തിന്റെ വിലയും വിൽപ്പന നികുതിയും അടച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കി രേഖാ മൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയ്യതി അവധി ദിവസമായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസ് പ്രമാണത്തോടൊപ്പം **Rs.200** വിലയുള്ള കേരള

മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും നിരതദ്രവ്യം ഡെപ്യൂട്ടി ഡയരക്ടറുടെ പേരിൽ പണയപ്പെടുത്തിയതുമായിരിക്കണം. അപ്രകാരം ചെയ്യാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടറുകൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളു, കൊറിയർ സർവ്വീസിൽ അയക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ തുറക്കുന്ന ദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാ മൂലം അധികാരപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. കാരണം കൂടാതെ ദർഘാസ് റദ്ദു ചെയ്യാനോ മാറ്റി വെക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ദർഘാസിന്റെ ഫേം പിരീഡ് ദർഘാസ് തുറക്കുന്ന ദിവസം മുതൽ 2 മാസമായിരിക്കും. കേരള പൊതുമരാമത്ത് വകുപ്പിലേയും ഇറിഗേഷൻ വകുപ്പിലേയും ദർഘാസ് സംബന്ധമായ എല്ലാ നിബന്ധനകളും ദർഘാസ് പരിഗണനയ്ക്കുള്ള മറ്റ് അനുബന്ധ ഉത്തരവുകളും ഈ ദർഘാസിനും ബാധകമാണ്. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8 (2) വകുപ്പ് അനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്കു നൽകുവാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് പ്രമാണം ലഭിക്കുന്നതിനുള്ള അപേക്ഷയോ പൂരിപ്പിച്ചു സമർപ്പിക്കുന്ന ദർഘാസ് പ്രമാണങ്ങളോ, യാതൊരു കാരണവും കാണിക്കാതെ തന്നെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ദർഘാസുകളുടെ സൂക്ഷ്മ പരിശോധനയിൽ ദേശീയ സുരക്ഷയ്ക്കും പ്രതിരോധത്തിനും പ്രത്യേക പരിഗണന നൽകുന്നതാണ്.

എന്ന് വിശ്വസ്തതയോടെ

ഹൈഡ്രോളജി സബ്ബ് ഡിവിഷൻ
തലശ്ശേരി അറ്റ് കൂത്തുപറമ്പ്

തീയ്യതി:. 23-02-2018

Jayaraj (signature)

ഡെപ്യൂട്ടി ഡയറക്ടർ
കേരള ഗവർണ്ണർക്കു വേണ്ടി

പകർപ്പ്.

1) എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഹൈഡ്രോളജി ഡിവിഷൻ, തൃശ്ശൂർ.
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഫീൽഡ് സ്റ്റഡീസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ.
3) അസിസ്റ്റന്റ് ഡയരക്ടർ, ഹൈഡ്രോളജി സെക്ഷൻ, തലശ്ശേരി എന്നവരുടെ അറിവിലേക്കായി അയക്കുന്നു.
4) ഈ ഓഫീസിലെ ക്ലാർക്ക്, ഡി2. സെക്ഷൻ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ടേബിൾ. നോട്ടീസ് ബോർഡ്.
5) അസിസ്റ്റന്റ് ഡയരക്ടർ, ഹൈഡ്രോളജി സെക്ഷൻ, പയ്യന്നൂർ, എന്നവരുടെ അറിവിലേക്കായി അയക്കുന്നു.
6) അസിസ്റ്റന്റ് എഞ്ചിനീയർ, ഹൈഡ്രോളജി സെക്ഷൻ, കാസർഗോഡ് എന്നവരുടെ അറിവിലേക്കായി അയക്കുന്നു.